**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4688** **10-08-2021 - ൽ മറുപടിയ്ക്ക്**

**കായംകുളം-ആലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലും നവീകരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മുതൽ ആലപ്പുഴ വഴി എറണാകുളത്തേക്കുള്ള റെയിൽപ്പാതയുടെ ഇരട്ടിപ്പിക്കലിനും നവീകരണത്തിനുമായി എന്തെങ്കിലും നിർദ്ദേശം സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അരൂർ - അമ്പലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ഭരണാനുമതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ അരൂർ - അമ്പലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലിന്റെ ആദ്യഘട്ടമായ അരൂർ-തുറവൂർ പാത ഇരട്ടിപ്പിക്കലിന് ആവശ്യമായ ഫണ്ട് മാത്രമേ ലഭ്യമായിട്ടുള്ളൂ എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോ; എങ്കിൽ എത്ര ഭൂമി ഏറ്റെടുക്കണം; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത റെയിൽപ്പാത ഇരട്ടിപ്പിക്കലിന് ചുവടെപ്പറയുന്ന പ്രകാരം ഭൂമി ആവശ്യമുണ്ട്. സ്ട്രെച്ച് ആലപ്പുഴ ജില്ല എറണാകുളം ജില്ല അമ്പലപ്പുഴ-തുറവൂർ 23.568 ഹെക്ടർ ------ തുറവൂർ-കുമ്പളം 8.63 ഹെക്ടർ 1.69 ഹെക്ടർ കുമ്പളം-എറണാകുളം ------ 4.20 ഹെക്ടർ |

സെക്ഷൻ ഓഫീസർ